LIBRARY ARCHIVES Kerala Legislative Assembly

സഹായമായി പരമാവധി 10,000 രൂപയും, ശവസംസ്കാര ചടങ്ങിന് 2000 രൂപയും നൽകുന്നു. മേൽ പദ്ധതിയ്ക്ക് പുറമേ 1-4-2015-ന് ശേഷം അപകടംമൂലം മരണപ്പെടുന്ന മത്സ്യത്തൊഴിലാളിയുടെ ആശ്രിതർക്ക് ആം ആദ്മി ബീമായോജന എന്ന പദ്ധതി പ്രകാരം 75,000 രൂപയും സാധാരണ മരണം സംഭവിക്കുകയാണെങ്കിൽ 30,000 രൂപയും നൽകുന്നു. മത്സ്യബന്ധനത്തിനിടെ അപകടംകൊണ്ടല്ലാതെ ആകസ്മിക കാരണങ്ങളാൽ മരണപ്പെടുന്ന മത്സ്യത്തൊഴിലാളിയുടെ ആശ്രിതർക്ക് ബോർഡ് മുഖേന നടപ്പിലാക്കുന്ന ധനസഹായപദ്ധതി പ്രകാരം 50,000 രൂപ നൽകുന്നുണ്ട്. കൂടാതെ വിധവാ പെൻഷൻ പദ്ധതി പ്രകാരം ആശ്രിതയായ ഭാര്യയ്ക്ക് പ്രതിമാസം 600 രൂപ പെൻഷൻ നൽകിവരുന്നു.

(ബി) കോഴിക്കോട് ജില്ലയിലെ പുതിയാപ്പയെന്ന സ്ഥലത്ത് മേപ്പറമ്പത്ത് ദേവദാസൻ എന്നയാൾ മരണപ്പെട്ടത് സംബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായത്തിനായി ഇതുവരെ അപേക്ഷയൊന്നും ലഭിച്ചിട്ടില്ല.

മത്സ്യത്തൊഴിലാളികളുടെ മക്കളുടെ ലംപ്സം ഗ്രാന്റ് കുടിശ്ശിക

160 (164) <u>ശ്രീ. പി. കെ. ഗുരുദാസൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ മക്കളുടെ പഠനത്തിനായി നൽകിവരുന്ന ലെംപ്സം ഗ്രാന്റ് കുടിശ്ശിക എത്രയെന്നറിയിക്കാമോ ;

(ബി) പ്രസ്തുത കുടിശ്ശിക കൊടുത്തുതീർക്കാൻ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

(സി) പഠനച്ചെലവ് വർദ്ധിക്കുന്ന സാഹചര്യത്തിൽ ലംപ്സം ഗ്രാന്റ് തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 2014-15 സാമ്പത്തിക വർഷത്തിലെ വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനും മുൻവർഷങ്ങളിലെ കുടിശ്ശിക നൽകുന്നതിനുമായി 24 കോടി രൂപ 2014-15 സാമ്പത്തിക വർഷത്തിൽ ജില്ലാ ഓഫീസർമാർക്ക് അനുവദിച്ചു നൽകുകയും ആയത് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. 2014-15 വർഷത്തിൽ ഇനിയും വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്യുന്നതിന് 5,57,33,068 രൂപ കുടിശ്ശിക ഉള്ളതായി ജില്ലാ ഓഫീസർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 2015-16 വർഷത്തിൽ വിദ്യാഭ്യാസ ആനുകൂല്യം വിതരണം ചെയ്യുന്നതിനായി 21,37,14,555 രൂപ ആവശ്യമുണ്ട്. 2015-16 വർഷത്തിൽ വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിനായി 10 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആയതിൽ നിന്ന് ആദ്യ ഗഡുവായി 3.30 കോടി രൂപ ജില്ലാ ഓഫീസർമാർക്ക് അനുവദിച്ചു നൽകുകയും ആയത് വിതരണം ചെയ്യുവരികയും ചെയ്യുന്നു. 2015-16 വർഷത്തിലേക്ക് കുടിശ്ശിക ഉൾപ്പെടെ നൽകുന്നതിന് 16.94 കോടി രൂപ കൂടി ആവശ്യമുണ്ട്.

(സി) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും മൂന്ന് വർഷം കൂടുമ്പോൾ വിദ്യാഭ്യാസാനുകൂല്യം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്. ടി ഉത്തരവ് ഫിഷറീസ് വകുപ്പിനും ബാധകമാണ്. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ പിൻതുടർന്നുവരുന്ന ചട്ടങ്ങളും നിയമങ്ങളും പ്രകാരമാണ് ഫിഷറീസ് വകുപ്പിൽ നിന്നും മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകിവരുന്നത്.

മത്സ്യമാർക്കറ്റുകളുടെ നവീകരണം

161 (165) ശ്രീ. സി. കെ. സദാശിവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തിൽ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി എത്ര തുക വകയിരുത്തി ; എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കാമോ ;

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനാണ് ഫണ്ട് അനുവദിച്ചത് ; അവ ഏത് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നു ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(സി) ഇത്തരത്തിൽ ഫണ്ട് ലഭ്യമാക്കുവാൻ തീരുമാനിച്ച മത്സ്യമാർക്കറ്റുകളുടെ നവീകരണ പദ്ധതികൾക്കെല്ലാം ഭരണാനുമതി നൽകിയോ ; ഇവ ഏത് ഏജൻസി മുഖേനയാണ് നടപ്പിലാക്കിയത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി 100 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഇതിൽ 99.80 ലക്ഷം രൂപ 2012-13 കാലയളവിൽ അംഗീകാരം നൽകിയ 5 മത്സ്യമാർക്കറ്റുകളുടെയും 2012-13 കാലയളവിൽ അംഗീകാരം നൽകിയ 7 മത്സ്യമാർക്കറ്റുകളുടെയും പൂർത്തീകരണത്തിനായി ചെലവഴിച്ചു.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതം അനുവദിച്ച മത്സ്യമാർക്കറ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly